"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലാ പഞ്ചായത്ത് - ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് 2011-12 ഖണ്ഡിക 3(14)-വികസന ഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ച് 100 ശതമാനം സബ്സിഡി നൽകി ചർക്ക വിതരണം ചെയ്ത പദ്ധതിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ.(സാധാ) നം.641/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 കാസർകോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07/02/2018-ലെ എ2/2560/12 നമ്പർ കത്ത്

2 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/01/2020-ലെ ഡി.കെ.എസ്.എ.2342/പി.റ്റി.3/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർകോഡ് ജില്ലാ പഞ്ചായത്ത് ജില്ലാ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 6/10-11 മുഖേന നടപ്പാക്കിയ ചർക്ക വിതരണം പദ്ധതിയ്ക്കായി ചെലവഴിച്ച 13.5ലക്ഷം രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിലെ പരാമർശം ഖണ്ഡിക 3(14) പ്രകാരം തടസ്സപ്പെടുത്തുകയുണ്ടായി. ഈ പദ്ധതിയുടെ പ്രോജക്ട് കോസ്റ്റ് ആയ 13.5ലക്ഷം രൂപയുടെ മൂന്നിലൊരു ഭാഗമായ 4.5ലക്ഷം രൂപ മാത്രമേ സബ്സിഡിയായി അനുവദിക്കാവൂ എന്നിരിക്കെ സർക്കാരിന്റെ മുൻ അനുമതി കൂടാതെ വികസന ഫണ്ടിൽ നിന്ന് 9ലക്ഷം രൂപ സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ചു എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി പ്രസ്തുത ചെലവവിന് സാധൂകരണം നൽകണമെന്ന്, പരാമർശം(1) പ്രകാരം കാസർകോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി 100 ശതമാനം സബ്സിഡിയോടെയാണ് ചർക്കകൾ വിതരണം ചെയ്തിട്ടുള്ളതെങ്കിലും ചർക്കകൾ നിലവിലും ഉപയോഗപ്രദമാണെന്ന കാരണത്താൽ തുടർവർഷങ്ങളിൽ ചർക്കകളും തറികളും വിതരണം ചെയ്യുന്ന പദ്ധതികളിൽ 100 ശതമാനം സബ്സിഡി അനുവദിക്കാൻ 05/03/2018-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ യോഗ തീരുമാന പ്രകാരം കാസർകോട് ജില്ലാ പഞ്ചായത്തിനു പ്രത്യേകാനുമതി സർക്കാർ നൽകിയിട്ടുള്ളതിനാലും, ഖാദി ഉത്പന്നങ്ങളുടെ പ്രോത്സാഹനം സർക്കാരിന്റെ പ്രഖ്യാപിതനയം ആയതിനാലും ജില്ലാ ഓഡിറ്റ് കാര്യാലയം സാധൂകരണത്തിനു ശുപാർശ ചെയ്തിട്ടുള്ളതാണെന്നും, വിതരണം ചെയ്ത 120 ചർക്കകളും 100ശതമാനം പ്രവർത്തനക്ഷമമാണെന്ന് ജില്ലാ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, ജില്ലാ പഞ്ചായത്തിന്റെ സൂചന(1) പ്രകാരമുള്ള

അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് സാധൂകരണം നൽകുന്നതിൽ എതിരഭിപ്രായമില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചന(2) പ്രകാരം അറിയിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.. ഖാദി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയ പദ്ധതി ആയതിനാലും പ്രസ്തുത പദ്ധതിയിലൂടെ സർക്കാരിന് നഷ്ടം ഉണ്ടായതായി ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാലും, കാസർകോട് ജില്ലാ പഞ്ചായത്ത് 2010-11 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഖാദിഗ്രാമവികസനവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ ഭാഗമായി വ്യവസായ യൂണിറ്റുകൾക്ക് ചർക്കകൾ വാങ്ങിയതുമായി ബന്ധപ്പെട്ട്, സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ വികസന ഫണ്ടിൽ നിന്ന് 9ലക്ഷം രൂപ സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ച പ്രവൃത്തിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

പകർപ്പ് -
1.സെക്രട്ടറി, കാസർകോട് ജില്ലാ പഞ്ചായത്ത്
2.സെക്രട്ടറി, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് , തിരുവനന്തപുരം
3.ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
5.അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
5.അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ.&എ), കേരളം, തിരുവനന്തപുരം
6.വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
8.സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ